## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 29.01.2026**

### പ്രധാനവാർത്തകൾ

1) ഇത് ന്യൂ നോർമൽ കേരളമെന്ന പ്രഖ്യാപനവുമായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ 2026-27 വർഷത്തെ ബജറ്റ് അവതരിപ്പിച്ചു; ആശ പ്രവർത്തകർക്ക് വേതനവർധന; നെൽകൃഷി വികസനത്തിന് 150 കോടി.

2) വയനാട് പുനരധിവാസ പദ്ധതി പ്രകാരമുള്ള ആദ്യ ബാച്ച് വീടുകൾ ഫെബ്രുവരി മൂന്നാം വാരം കൈമാറും; വയോജന സംരക്ഷണത്തിന് എൽഡർലി ബജറ്റ്; റോഡപകടത്തിൽപെടുന്നവർക്ക് ആദ്യ 5 ദിവസം സൗജന്യ ചികിത്സ.

3) വിഴിഞ്ഞത്തിനും അതിവേഗ റെയിൽ പാതയ്ക്കും 100 കോടി വീതം; എം.സി റോഡ് വികസനത്തിന് അയ്യായിരത്തി 317 കോടി; ബിരുദതലം വരെ പഠനം സൗജന്യം; വർക്ക് നിയർ ഹോം പദ്ധതി 200 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും.

4) പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷൻ പ്രഖ്യാപിച്ചു; ഡി.എ കുടിശികയുടെ ആദ്യഗഡു അടുത്തമാസം; സർക്കാർ ജീവനക്കാർക്ക് അഷ്വേർഡ് പെൻഷൻ നടപ്പാക്കും.

5) 2025-26 ലെ സാമ്പത്തിക സർവേ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയുടെ മേശപ്പുറത്ത് വച്ചു.

6) മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന് വിട. സംസ്കാര ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അടക്കമുള്ള പ്രമുഖർ പങ്കെടുത്തു.

RNU TVPM

## ബജറ്റ് ജനറൽ

സംസ്ഥാനത്ത് എല്ലാ മേഖലയിലും അതിശക്തവും അഭിമാനകരവുമായ പുരോഗതി ഉണ്ടായെന്ന് 2026-27 വർഷത്തെ ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ചു കൊണ്ട് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇത് ന്യൂ നോർമൽ കേരളമാണെന്ന് അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ അഞ്ചു വർഷത്തിൽ ഒരു ലക്ഷത്തി 27 ആയിരത്തി 747 കോടി രൂപയുടെ അധിക വരുമാനം തനത് നികുതി വരുമാനമായി സൃഷ്ടിക്കാൻ കഴിഞ്ഞെന്നും ധനമന്ത്രി പറഞ്ഞു.

## ബജറ്റ് - പുതിയ പദ്ധതികൾ- ഡെസ്ക് ( ഇൻട്രോ )

വിഴിഞ്ഞം അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഥലം ഏറ്റെടുക്കലിന് അടക്കം 1000 കോടി കിൻഫ്രയിൽ നിക്ഷേപിക്കും. പ്രാരംഭ പ്രവർത്തനത്തിന് 100 കോടി വകയിരുത്തി. റാപ്പിഡ് എർത്ത് കോറിഡോറിന് 100 കോടി രൂപ വകയിരുത്തും. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ സ്മരണയ്ക്കായി തിരുവനന്തപുരത്ത് വി.എസ് സെന്റർ സ്ഥാപിക്കാൻ 20 കോടി രൂപ വകയിരുത്തി.

**വിശദാംശങ്ങളിലേക്ക്....**
**( വോയിസ്....)**

## ബജറ്റ് - പുതിയ പദ്ധതികൾ- ഡെസ്ക് ( വോയിസ്)

സംസ്ഥാന സർക്കാർ പുതുതായി കൊണ്ടുവരുന്ന തിരിച്ചറിയൽ രേഖയായ നേറ്റിവിറ്റി കാർഡിന് 20 കോടി രൂപ. മലയാളത്തിന് പ്രാധാന്യം നൽകുന്ന മലയാള ഭാഷാ മാതൃകാ ചലഞ്ചിന് ഒരു കോടി രൂപ നൽകും. ഷീ വർക്ക് സ്റ്റേഷനുകൾ നിർമിക്കാൻ 20 കോടി രൂപ ബജറ്റിൽ വകയിരുത്തി. ഗിഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ പ്രാരംഭ ചുവടുവയ്പ്പായി, തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾക്കായി ഗിഗ് ഹബ്

RNUTVPM

സ്ഥാപിക്കാൻ 20 കോടി രൂപ നൽകും. ഓട്ടോ തൊഴിലാളികൾക്കായി സ്മാർട്ട് മൈക്രോ ഹബുകൾ നിർമിക്കും; ഇതിനായി 20 കോടി രൂപ മാറ്റി വച്ചു. ഓട്ടോറിക്ഷ ടാക്സി ഡ്രൈവർമാർക്ക് കുറഞ്ഞ ചെലവിൽ അപകട ഇൻഷുറൻസ് ഏർപ്പെടുത്താനും തീരുമാനം. റോഡപകടങ്ങളിൽപ്പെടുന്ന വ്യക്തികൾക്ക് ആദ്യ അഞ്ചു ദിവസം പണരഹിത ചികിത്സ നൽകും. ഇതിനായി 15 കോടി മാറ്റിവയ്ക്കും. ഹരിത കർമ സേനയ്ക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. കാരുണ്യ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് പുറത്തുള്ള കുടുംബങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ 50 കോടി രൂപ വകയിരുത്തും. കാൻസർ, ലെപ്രസി പെൻഷൻ രണ്ടായിരമാക്കി വർധിപ്പിച്ചു. പൊതുമേഖലയിൽ പ്രവർത്തിക്കുന്നവർക്കും വിരമിച്ചവർക്കും മെഡിസെപ് മാതൃകയിൽ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തും.

**ന്യൂസ്ഡെസ്ക് ആകാശവാണി......**

❁❁❁❁❁❁❁❁❁❁❁❁❁❁❁

<u>വിദ്യാഭ്യാസം (ഇൻട്രോ)</u>

ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കി.

(ഹോൾഡ് - വോയിസ്)

ഒന്ന് മുതൽ 12 വരെ പഠിക്കുന്ന വിദ്യാർഥികൾക്ക് അപകട ലൈഫ് ഇൻഷുറൻസിനായി 15 കോടി രൂപ അനുവദിച്ചു. ഡിജിറ്റൽ സർവകലാശാലയ്ക്ക് 27.21 കോടി നൽകും. ഉന്നതി ഓവർസീസ് പദ്ധതിയിലൂടെ വിദേശ പഠനത്തിനായി 1104 പേർ പോയിട്ടുണ്ട്. 607 സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചു. പ്രീപ്രൈമറി അധ്യാപകരുടെ വേതനം 1000 രൂപ വർധിപ്പിച്ചു. 'സാക്ഷരതാ പ്രേരക്മാർക്ക് പ്രതിമാസം 1000 രൂപയുടെ വർധനയും അനുവദിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## വികസനം - ഡെസ്ക് (ഇൻട്രോ)

വയനാട് ദുരന്ത ബാധിതർക്കുള്ള ആദ്യ ബാച്ച് വീട് ഫെബ്രുവരി മൂന്നാം വാരം കൈമാറും; എം.സി റോഡ് വികസനം ഒന്നാം ഘട്ടത്തിന് അയ്യായിരത്തി 217 കോടി രൂപ വകയിരുത്തി.

ഒരു റിപ്പോർട്ട്......

(വോയിസ്)

## വികസനം - ഡെസ്ക് (വോയിസ്)

കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, പന്തളം, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കും. പ്രതിരോധ ഗവേഷണ ഹബിന് 50 കോടി അനുവദിച്ചു. ഓട്ടോ തൊഴിലാളികൾക്ക് പരിസ്ഥിതി സൗഹൃദ ഓട്ടോകൾ വാങ്ങാൻ 40,000 രൂപയുടെ ധനസഹായം നൽകും. ഓട്ടോ ടാക്സി തൊഴിലാളികൾക്കും ഇൻഷുറൻസ് ഉറപ്പാക്കും. മനുഷ്യ- വന്യമൃഗ സംഘർഷ ലഘൂകരണത്തിന് 100 കോടി അനുവദിച്ചു. വനവത്കരണത്തിന് 50 കോടി വകയിരുത്തി. പഞ്ചായത്തുകളിൽ സ്ത്രീകളുടെ തൊഴിൽ പരിശീലനത്തിന് സ്കിൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ 20 കോടി. സൗരോർജം സംഭരിച്ച് വിതരണം ചെയ്യാൻ പഞ്ചായത്തുകളിൽ പ്രത്യേക പദ്ധതി. ബ്ലൂഎക്കോണമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ. സ്റ്റാർട്ടപ്പ് മേഖലയിൽ മുതിർന്ന പൗരന്മാരുടെ പങ്കാളിത്തം വർധിപ്പിക്കാൻ മൂന്ന് കോടി രൂപ. യുവജന ക്ലബ്ബുകൾക്ക് പ്രതിവർഷം പതിനായിരം രൂപ നൽകുന്ന പദ്ധതിക്ക് 5 കോടി രൂപ നൽകുമെന്നും പ്രഖ്യാപനം. സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ കേരള കലാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആദ്യ ഘട്ടത്തിൽ 10 കോടി രൂപ നൽകും.

ന്യൂസ് ഡെസ്ക് ആകാശവാണി......

PNU TVPM

## ബജറ്റ് -അതിവേഗ പാത (ഇൻട്രോ)

തിരുവനന്തപുരം മുതൽ കാസർകോട് വരെ നീളുന്ന റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം അതിവേഗ പാത നടപ്പാക്കുമെന്നും ധനമന്ത്രിയുടെ പ്രഖ്യാപനം. നഗര മെട്രോകളെ ബന്ധിപ്പിക്കുന്ന RRTS പദ്ധതി നാലു ഘട്ടങ്ങളിലായി നടപ്പാക്കും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 100 കോടി രൂപ വകയിരുത്തി.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സംസ്ഥാന ബജറ്റ് - എ.ഡി.എൻ (ഇൻട്രോ)

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും നികുതി ഇതര വരുമാനവും വർധിച്ചതായി ബജറ്റ് അവതരണത്തിൽ ധനമന്ത്രി പറഞ്ഞു. 221 പേജുകളുള്ള ബജറ്റിൽ സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, തൊഴിൽ മേഖല എന്നിവയ്ക്ക് പ്രാധാന്യം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ

**സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ബജറ്റ് - വേതന വർദ്ധനവ്

സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെ പ്രതിമാസ വേതനത്തിൽ ആയിരം രൂപയും ഹെൽപ്പർമാരുടെ വേതനത്തിൽ 500 രൂപയുടെയും വർദ്ധനവ് വരുത്തുന്നതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ആശ പ്രവർത്തകരുടെ ഓണറേറിയം ആയിരം രൂപ വർധിപ്പിച്ചു. പ്രീ-പ്രൈമറി അധ്യാപകരുടെ വേതനവും ആയിരം രൂപ കൂട്ടി. സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനത്തിൽ പ്രതിദിനം 25 രൂപയുടെ വർദ്ധനവ് വരുത്തുന്നതായും ധനമന്ത്രി പറഞ്ഞു.

സാക്ഷരതാ പ്രേരക് മാരുടെ പ്രതിമാസ വേതനത്തിലും ആയിരം രൂപയുടെ വർദ്ധനവ് ഏർപ്പെടുത്തി. പത്രപ്രവർത്തക പെൻഷൻ ആയിരത്തി 500 രൂപ ഉയർത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## തദ്ദേശ സ്ഥാപനങ്ങൾ

തദ്ദേശസ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്കായി ക്ഷേമനിധി. തദ്ദേശ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ടായി മൂവായിരത്തി 236.76 കോടി. സംസ്ഥാന പദ്ധതി വിഹിതത്തിൻറെ 28.5 ശതമാനം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകും. പതിനായിരത്തി 189 കോടിയാണ് ഇതിനായി വകയിരുത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## കാർഷികം

കുട്ടനാട് പാക്കേജിന് 75 കോടി. കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണത്തിന് സമഗ്ര പദ്ധതി. ആദ്യഘട്ടത്തിന് 50 കോടി വകയിരുത്തി. നാളികേര മേഖലയിലെ വികസനത്തിന് പ്രത്യേക പദ്ധതി. നെൽകൃഷി വികസനം 150 കോടി. കേര പദ്ധതിക്കായി 100 കോടി രൂപ. മൃഗസംരക്ഷണത്തിന് 318 കോടി. മണ്ണ് സംരക്ഷണത്തിന് 84.21 കോടി. കാർഷിക സർവകലാശാലയ്ക്ക് 78 കോടി രൂപ. വിള ഇൻഷുറൻസ് പദ്ധതിക്ക് 33 കോടി രൂപ.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വ്യവസായം

വ്യവസായ മേഖലയിൽ വലിയ മുന്നേറ്റം കൈവരിക്കാനായെന്ന്

ധനമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് പുതുതായി 3 ലക്ഷത്തി 92,000 സംരംഭങ്ങൾ ആരംഭിച്ചു. ഐ.ടി കമ്പനികളുടെ എണ്ണം 650 ൽ നിന്നും ആയിരത്തി 160 ആയി വർധിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ കേരളം ഒന്നാമത്. ഇരുപത്തി രണ്ടായിരം കോടി രൂപയുടെ നിക്ഷേപവും 7.5 ലക്ഷം തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിച്ചു. വർക്ക് നിയർ ഹോം പദ്ധതി 200 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും. അപൂർവ ധാതു ഇടനാഴിക്ക് 100 കോടി. പുതിയ ഐ.ടി നയം ഉടൻ പുറത്തിറക്കും. സ്റ്റാർട്ട് മിഷന് 99.5 കോടി പ്രവാസി വ്യവസായ പാർക്കിന് 20 കോടി. കെ.ഫോണിന് 112.44 കോടി. കെ-സ്പേസിന് 57 കോടി. ഡിജിറ്റൽ സർവകലാശാലയ്ക്ക് 27.21 കോടി.

വിഴിഞ്ഞം വികസനത്തിന് ആയിരം കോടി.

RIJUTVPM

## വകയിരുത്തി

അടുത്ത സാമ്പത്തിക വർഷത്തെ ക്ഷേമ പെൻഷൻ വിതരണത്തിനായി പതിനാലായിരത്തി 500 കോടി വകയിരുത്തി. സ്ത്രീ സുരക്ഷാ പെൻഷന് മൂവായിരത്തി 820 കോടി. കണക്ക് സ്കോളർഷിപ്പിന് 400 കോടി. നികുതിദായകർക്ക് പുരസ്കാരം നൽകാൻ 5 കോടി രൂപയും വകയിരുത്തി.

## ജീവനക്കാർ

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി പുതിയ കമ്മീഷനെ പ്രഖ്യാപിച്ചു. കമ്മീഷൻ മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. ജീവനക്കാരുടെ സർക്കാർ ജീവനക്കാരുടെ ഡിഎ കുടിശ്ശിക പൂർണമായും നൽകുമെന്നും ബജറ്റിൽ പ്രഖ്യാപനം. ഏപ്രിൽ മുതൽ അഷ്വേർഡ് പെൻഷൻ രീതിയിലേക്ക് മാറും. ശമ്പളത്തിൻറെ 50 ശതമാനം തുക ഉറപ്പാക്കും.സർക്കാർ ജീവനക്കാരുടെ ഡി.എ

കുടിശ്ശിക നൽകാൻ നടപടി. വിരമിച്ച സർക്കാർ ജീവനക്കാർക്കും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും മെഡി സെപ് മാതൃകയിൽ പുതിയ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി. കഴിഞ്ഞ നാലു വർഷം കൊണ്ട് ഒരു ലക്ഷത്തി നാൽപത്തി അയ്യായിരത്തി 586 പേർക്ക് പി.എസ്.സി വഴി നിയമനം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ബജറ്റ് എസ്റ്റിമേറ്റ്

ഒരു ലക്ഷത്തി 82,972 കോടി രൂപയുടെ റവന്യൂ വരവ് പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് ധനമന്ത്രി കെ എൻ ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചത്. രണ്ട് ലക്ഷത്തി പതിനേഴായിരത്തി 558 കോടി രൂപയാണ് അടുത്ത സാമ്പത്തിക വർഷത്തിൽ മൊത്തം റവന്യൂ ചെലവ് കണക്കാക്കിയിരിക്കുന്നത്. 34 ആയിരത്തി 586 കോടി രൂപയാണ് റവന്യൂ കമ്മി. 51 ആയിരത്തി 378 കോടിയുടെ പൊതുകടവും, 19 ആയിരത്തി 384 കോടിയുടെ മൂല ധന ചെലവുമാണ് 2026-27 സാമ്പത്തിക വർഷത്തിൽ കണക്കാക്കി യിരിക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി (ഇൻട്രോ)

ഇന്ത്യയുടെ ജനാധിപത്യവും ജന ശക്തിയും ലോകത്തിനാകെ പ്രതീക്ഷ പകരുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗം 140 കോടി ജനങ്ങളുടെ വിശ്വാസത്തിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം പറഞ്ഞു. 2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടുത്ത 25 വർഷം നിർണായകമാണെന്നും പാർലമെന്റ് ഹൗസ് സമുച്ചയത്തിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി വ്യക്തമാക്കി.

( വോയിസ്....പ്രധാനമന്ത്രി)

## സാമ്പത്തിക സർവ്വേ

2025-26 ലെ സാമ്പത്തിക സർവേ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയുടെ മേശപ്പുറത്ത് വച്ചു. ശേഷം ലോകസഭ പിരിഞ്ഞു ഫെബ്രുവരി ഒന്ന് - ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. ചരിത്രത്തിൽ ആദ്യമായാണ് ഞായറാഴ്ച കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നത്.

## ലോക കേരള സഭ

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച വരെയാണ് സമ്മേളനം. 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും.

## ജോർജ് കുര്യൻ

ഏഴാമത് ഇന്ത്യ ഇൻററർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും ഇന്ന് കൊച്ചിയിൽ ആരംഭിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ ഉച്ചകോടി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

## അജിത് പവാർ

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന് വിട. സംസ്കാര ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അടക്കമുള്ള പ്രമുഖർ

RNU TVPM

പങ്കെടുത്തു. ജന്മനാടായ ബാരാമതിയിലാണ് സംസ്കാര ചടങ്ങുകൾ നടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സന്തോഷ് ട്രോഫി (ഇൻട്രോ)

സന്തോഷ് ട്രോഫി ഫുട്ബോളിൽ ക്വാർട്ടർ ഫൈനൽ ബെർത്ത് ഉറപ്പിക്കാൻ ലക്ഷ്യമിട്ട് കേരളം ഇന്നിറങ്ങുന്നു. ഉച്ചക്ക് 2 മണിക്ക് ആരംഭിക്കുന്ന ഗ്രൂപ്പ്തല മത്സരത്തിൽ - മേഘാലയയാണ് എതിരാളികൾ.

വിശദാംശങ്ങളുമായി ആകാശവാണിയ്ക്കു വേണ്ടി മലപ്പുറം ജില്ലാ പ്രതിനിധി **സുരേഷ് ബാബു.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ടി- ട്വന്റി

ഇന്ത്യ-ന്യൂസിലാന്റ് അഞ്ചാം ടി–ട്വന്റി മത്സരം ശനിയാഴ്ച കാര്യവട്ടം ഗ്രീൻഫിൽഡ് സ്റ്റേഡിയത്തിൽ. മൽസരത്തിനായി ഇരു ടീമുകളും ഇന്ന് വൈകുന്നേരം തിരുവനന്തപുരത്തെത്തും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ടെസി തോമസ്

സമൂഹത്തിനും രാജ്യത്തിനും സംഭാവന നൽകാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്നതായിരിക്കണം വിദ്യാഭ്യാസമെന്ന് ഇന്ത്യയുടെ മിസൈൽ വനിത ടെസി തോമസ് . കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൻ്റെ ബിരുദ സമർപ്പണ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ. സാങ്കേതികവിദ്യകൾ ധാർമ്മികതയോടെ ഉപയോഗിക്കണമെന്നും

RNU TVPM

ശ്രീമതി ടെസി തോമസ് പറഞ്ഞു. ഡി.ആർ.ഡി.ഒ യിൽ പ്രവർത്തിച്ച അനുഭവങ്ങൾ അവർ വിദ്യാർത്ഥികളുമായി പങ്കുവച്ചു. ബിഷപ്പ് പോൾ ആൻ്റണി മുല്ലശ്ശേരി ബിരുദ സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

## കണ്ണൂർ -തീപിടുത്തം

കണ്ണൂർ വളപട്ടണത്തിന് സമീപം കീരിയാട് പ്ലൈവുഡ് ഫാക്ടറിയിൽ വൻ തീപിടുത്തം. ഇന്ന് രാവിലെയാണ് തീപിടിച്ചത്. കണ്ണൂരിൽ നിന്നും, തലശ്ശേരി, തളിപ്പറമ്പ് എന്നിവിടങ്ങളിൽ നിന്നുമായി ഫയർ യൂണിറ്റുകൾ തീ

നിയന്ത്രണവിധേയമാക്കി.

## മാതൃകാ യുവജന ഗ്രാമസഭ പുരസ്കാരങ്ങൾ

ദേശീയ മാതൃകാ യുവജന ഗ്രാമസഭ പുരസ്കാരങ്ങൾ കേന്ദ്ര സഹമന്ത്രി എസ്.പി.സിംഗ് ബാഗേൽ വിതരണം ചെയ്തു. വിദ്യാർത്ഥികൾക്ക് താഴെത്തട്ടിലെ ജനാധിപത്യത്തെ നേരിട്ട് അനുഭവിച്ച് മനസ്സിലാക്കാനുള്ള അവസരം നല്കുന്നതിലൂടെ പൗരവിദ്യാഭ്യാസത്തിൽ വലിയൊരു മാറ്റത്തിന് മാതൃകാ യുവ ഗ്രാമസഭ വഴിയൊരുക്കുന്നുവെന്ന് ഇന്നലെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി പറഞ്ഞു. വിദ്യാർത്ഥികൾ, അധ്യാപകർ, പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. ജവഹർ നവോദയ വിദ്യാലയ വിഭാഗത്തിൽ കേരളത്തിൽ നിന്ന് കണ്ണൂർ ജവഹർ നവോദയ വിദ്യാലയത്തിന് രണ്ടാം സ്ഥാനം ലഭിച്ചു. ഹിമാചൽ പ്രദേശിലെ ജെ.എൻ.വി ക്കാണ് ഒന്നാം സ്ഥാനം. ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം ഛത്തീസ്ഗഡ് EMRS -നാണ്. ഒന്നാം സ്ഥാനത്തിന് ഒരു കോടി രൂപയും, രണ്ടാം

സ്ഥാനത്തിന് 75 ലക്ഷം രൂപയും, മൂന്നാം സ്ഥാനത്തിന് 50 ലക്ഷം രൂപയും വീതം പുരസ്കാര തുക വിജയികളായ സ്കൂളുകൾക്ക് നല്കി. രാജ്യവ്യാപകമായി 619 ജവഹർ നവോദയ വിദ്യാലയങ്ങളിൽ നിന്നും 200 ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നിന്നുമായി 28,000-ത്തിലധികം വിദ്യാർത്ഥികൾ മാതൃകാ യുവജന ഗ്രാമസഭ മത്സരത്തിൽ പങ്കെടുത്തിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

RNU TVPM